ഉത്തരം

(എ) 33 റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾപ്രകാരം, ഹയർ സെക്കണ്ടറി ടീച്ചർ സീനിയർ തസ്തികയിലെ ഒഴിവുകൾ ജൂനിയർ തസ്തികയിൽ ഉള്ളവർക്ക് പ്രൊമോഷൻ നൽകിയാണ് നിയമിക്കേണ്ടത്. ആയതിനാൽ സീനിയർ തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഇല്ല. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത വേക്കൻസികളിലെല്ലാം നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. ഇതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത മുഴുവൻ ഒഴിവുകളിലും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(എഫ്) സ്പെഷ്യൽ റൂൾസ് പ്രകാരം സീനിയർ തസ്തികയിലേക്കുള്ള നിയമനം ജൂനിയർ തസ്തികയിലുള്ളവർക്ക് പ്രൊമോഷൻ നൽകിയാണ്. നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ജി) പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന പ്രകാരമാണ് നിയമനം നടത്തുന്നത്. പ്രൊമോഷൻ നൽകി നിയമനം നൽകുന്നതിൽ സാമുദായിക സംവരണത്തിന് വ്യവസ്ഥയില്ല.

(എച്ച്) നിലവിലുള്ള ചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരമേ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ.

ഐ. ടി. അറ്റ് സ്കൂൾ പദ്ധതിയും സ്വതന്ത്ര സോഫ്റ്റ്വെയറും

155 [2424] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. അറ്റ് സ്കൂൾ പദ്ധതി സ്വതന്ത്ര സോഫ്റ്റ്വെയറിലേക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര സ്കൂളുകൾക്ക് സ്വതന്ത്ര സോഫ്റ്റ്വെയർ സി. ഡി.-കൾ ഇതിനകം വിതരണം ചെയ്തുവെന്നും എത്ര അദ്ധ്യാപകർക്ക് പരിശീലനം നൽകിയെന്നും വ്യക്തമാക്കുമോ;

(സി) ഇക്കഴിഞ്ഞ 10-ാം ക്ലാസ് പരീക്ഷയുമായി ബന്ധപ്പെട്ട് ഐ. ടി. അറ്റ് സ്കൂൾ പ്രോജക്ടിലെ എത്ര പേർ പരീക്ഷാ ഭവനിൽ പ്രവർത്തിച്ചിരുന്നു;

(ഡി) ഇവരെ പരീക്ഷാ ഭവനിൽ പ്രവർത്തിക്കുവാൻ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നോ;

(ഇ) എങ്കിൽ ഇവരിൽ ആർക്കെല്ലാമാണ് ഇത്തരത്തിൽ അനുമതി ലഭിച്ചിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇക്കഴിഞ്ഞ 10-ാം ക്ലാസ് പ്രായോഗിക പരീക്ഷയിൽ എത്ര വിദ്യാർത്ഥികൾക്കാണ് ഒന്നിൽ കൂടുതൽ തവണ മാർക്കുകൾ രേഖപ്പെടുത്തപ്പെട്ടതെന്നും എത്ര പേരാണ് ഒന്നിൽ കൂടുതൽ തവണ പരീക്ഷ എഴുതിയതെന്നും എത്ര പേർക്ക് അവിശ്വസനീയമായ രീതിയിൽ മാർക്കുകൾ ലഭിച്ചുവെന്നും വെളിപ്പെടുത്താമോ;

(ജി) ലഭിച്ച മാർക്ക് അവരുടെ ഉത്തരങ്ങളുമായി ഒത്തുനോക്കിയിട്ടുണ്ടോ; എങ്കിൽ എത്ര വിദ്യാർത്ഥികളുടേതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ ഹൈസ്ക്കൂളുകൾക്കും സ്വതന്ത്ര സോഫ്റ്റ്വെയർ സി. ഡി.-കൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുവരെ 2721 അദ്ധ്യാപകർക്ക് സ്വതന്ത്ര സോഫ്റ്റ്വെയറിൽ പരിശീലനം നൽകിക്കഴിഞ്ഞു.

(സി) 9 പേർ.

(ഡി, ഇ) ഇല്ല.

(എഫ്) അവിശ്വസനീയമായ രീതിയിൽ ഒരു കുട്ടിക്കുപോലും മാർക്ക് ലഭിച്ചിട്ടില്ല. 4,72,809 കുട്ടികൾ പരീക്ഷയിൽ പങ്കെടുത്തപ്പോൾ 942 പേർക്ക് മാത്രമാണ് ഹാർഡ്വെയറിന്റെയും സോഫ്റ്റ്വെയറിന്റെയും തകരാറുമൂലം മാർക്കിൽ വ്യത്യാസം വന്നിട്ടുള്ളത്.

(ജി) ഉണ്ട്. സോഫ്റ്റ്വെയർ ഉപയോഗിച്ചുള്ള പരീക്ഷാരീതിയിൽ ഓരോരുത്തരുടേയും പരീക്ഷയുടെ അവസാനം ഓരോ ചോദ്യത്തിനും ചെയ്ത ഉത്തരവും ലഭിച്ച മാർക്കും സ്ക്രീനിൽ തെളിയുന്നതാണ്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ ചോദ്യപേപ്പർ ചോർന്നുവെന്ന ആരോപണം

156 [2425] ശ്രീ. എം. മുരളി:
,, എം. എം. ഹസ്സൻ:
,, കെ. മുഹമ്മദാലി:
,, ടി. എൻ. പ്രതാപൻ:
,, കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 2005 മേയിൽ നടക്കേണ്ടിയിരുന്ന ബി. ടെക്. പരീക്ഷയുടെ ചോദ്യപേപ്പർ പുറത്തായതായി പ്രചരണം നടത്തിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) യഥാർത്ഥത്തിൽ ഇപ്രകാരം സംഭവിച്ചിട്ടുണ്ടോ;

(സി) ചോദ്യപേപ്പർ പുറത്തായെന്ന പ്രചരണം നടത്തിയവരെ കണ്ടെത്തുന്നതിനും അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിന്നും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly